**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **07-10-2021 - ൽ മറുപടിയ്ക്ക്**

**അസി.എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.ആർ.എഫ്.ബി നടത്തുന്ന പ്രവൃത്തികൾക്ക് പി.ഡ.ബ്യു.ഡി യിൽ നിന്ന് അസി.എഞ്ചിനീയർമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അവരുടെ എണ്ണവും തസ്തികകളും അറിയിക്കാമോ; | (എ) | ഉണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികൾക്കായി 30 (മുപ്പത്) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) മാരെ സ ഉ (സാധാ) നം.886/2020-പൊമവ തീയതി 30.10.2020 പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്യത്രസേവന വ്യവസ്ഥ മൂലം പി.ഡ.ബ്യു.ഡി യിൽ ഉണ്ടായ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; അസി.എഞ്ചിനീയർ തസ്തികക്ക് മുകളിലുള്ള ഇത്തരം അന്യത്രസേവന ഒഴിവുകൾ നികത്തിയത് താഴെ തസ്തികകളിൽ നിന്നും സ്ഥിരം സ്വഭാവമുള്ള പ്രൊമോഷൻ നൽകികൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | നികത്തിയിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ തസ്തികയ്ക്ക് മുകളിലുള്ള അന്യത്രസേവന ഒഴിവുകൾ താഴെ തസ്തികകളിൽ നിന്നു സ്ഥിരംസ്വഭാവമുള്ള പ്രമോഷൻ നൽകികൊണ്ടും അന്യത്രസേവന വ്യവസ്ഥയിലും നികത്തിയിട്ടുണ്ട്. |
| (സി) | ആറു മാസത്തിലധികമുള്ള അന്യത്രസേവന ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളാക്കി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(ഉപദേശം-സി) വകുപ്പിന്റെ പരിപത്രത്തിൽ (നം:ഉപ.സി 3/116/2020 ഉ.ഭ.പ.വ,തീയതി. 12-09-2020) നിർദ്ദേശിച്ചിരിക്കെ മേൽപ്പറഞ്ഞ ഒഴിവുകൾ എന്തു കൊണ്ടാണ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലുണ്ടാകുന്ന 71 തസ്തികകളുടെ കുറവ് നികത്തുവാൻ, പ്രവേശന തസ്തികയായ 71 അസിസ്റ്റന്റ് എൻജിനീയർ തസ്തികകൾ താൽകാലികമായി സൃഷ്ടിച്ചും പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുമാണ് സ ഉ (കൈ) നം.58/2020/ പൊമവ തീയതി 28.07.2020 പ്രകാരം ഉത്തരവായിട്ടുള്ളത്. ആയതിനാലാണ് പ്രസ്തുത ഒഴിവുകൾ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്തത്. |
| (ഡി) | പ്രസ്തുത ഒഴിവുകൾ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലുണ്ടാകുന്ന 71 തസ്തികകളുടെ കുറവ് നികത്തുവാൻ, പ്രവേശന തസ്തികയായ 71 |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എൻജിനീയർ തസ്തികകൾ താൽകാലികമായി സൃഷ്ടിച്ചും പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുമാണ് സ ഉ (കൈ) നം.58/2020/ പൊമവ തീയതി 28.07.2020 പ്രകാരം ഉത്തരവായിട്ടുള്ളത്. ആയതിനാലാണ് പ്രസ്തുത ഒഴിവുകൾ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്തത്. |
| (ഇ) | 2021 സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ പി.ഡ.ബ്യ.ഡി വിഭാഗത്തിൽ ഡിഗ്രി ക്വാട്ടയിൽ നിന്നും വിരമിക്കുന്ന എഞ്ചിനീയർമാരുടെ എണ്ണം( സി.ഇ, എസ്.ഇ, ഇ.ഇ, എ.ഇ.ഇ, എ.ഇ) എന്നിങ്ങനെ തരം തിരിച്ച ലഭ്യമാക്കാമോ? | (ഇ) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ